# DIGITAL MAGAZINE
# PRESENTED BY:
# '' LITTLE KITES ''
# OF
# M T H S KURIYANNUR




# 2018-2019

# ഉള്ളടക്കം

| | |
|---|---|
| ആമുഖം | **3** |
| ഹെഡ്മിസ്ട്രസിൽ നിന്നും | **4** |
| **Flood** | **5** |
| പൂന്തോട്ടം | **6** |
| വിശപ്പിന്റെ വില | **7** |
| ഡാം തുറന്നപ്പോൾ | **8** |
| തണൽ | **9** |
| പ്രകൃതി | **10** |
| പ്രളയം സൃഷ്ടിച്ച ആഘാതം | **11** |
| നവകേരളം | **12** |
| ഒരു അവധി ദിവസം | **13** |
| **Little kites of MTHS** | **14** |

# ആമുഖം




**മാർത്തോമാ ഹൈസ്കൂൾ കുറിയന്നൂരിന്റെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞതിൽ ഉള്ള സന്തോഷം അറിയിക്കുന്നു. ഇതിന് പിന്തുണ നൽകിയ ഹെഡ്മിസ്ട്രസ് , അധ്യാപക-അനധ്യാപകർ , കുട്ടികൾ ഏവർക്കും നന്ദി അറിയിച്ചുകൊണ്ട് ഡിജിറ്റൽ മാഗസിൻ സമർപ്പിക്കുന്നു.**

**സ്നേഹത്തോടെ**

***ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ***

**ഹെഡ് മിസ്ട്രസിൽ നിന്നും.........**

**കുറിയന്നൂർ മാർത്തോമ്മ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നതിൽ സന്തോഷമുണ്ട്.കുട്ടികൾ ഒട്ടനവധി സർഗ്ഗവാസനകളുടെ ഉടമകളാണ്.അത് ശരിയായ രീതിയിൽ പ്രോത്സാഹിപ്പിച്ചാൽ ജീവിതനിലവാരം ഉയർത്താനും സമൂഹനന്മയ്ക്ക് പ്രയോജനപ്പെടുത്താനും സാധിക്കും.കുട്ടികളുടെ സജീവവും സർഗ്ഗാത്മകവുമായ പങ്കാളിത്തം പഠനപ്രവർത്തനങ്ങളിൽ ഉറപ്പാക്കാനും കുട്ടിയുടെ കഴിവു തിരിച്ചറിയാനും അത് മികച്ച നിലയിലേക്ക് ഉയർത്താനും ശ്രമിക്കുന്നതിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സിലെ കുരുന്നു പ്രതിഭകളും ഒരു ശ്രമം നടത്തുന്നു. അവർക്കു കിട്ടിയതും നേടിയെടുത്തതുമായ കഴിവുകൾ സഹപാഠികളിലേക്ക് ഒരു പ്രചോദനം ഉണ്ടാക്കാനും, പൊതുജനങ്ങളിൽ സംതൃപ്തിയുണ്ടാക്കാനും സാധിച്ചെങ്കിൽ മെന്റർ എന്ന നിലയിൽ അധ്യാപകരും ധന്യരാകും. ഈ ശ്രമത്തിനു പിന്നിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും കൈറ്റ് മിസ്ട്രസ്മാർക്കും പ്രത്യേകം അഭിനന്ദനം.ശോഭനമായ ഒരു നാളെ പുതിയ പുതിയ ചിന്തകൾക്ക് പാതയൊരുക്കട്ടെ എന്ന ആശംസകളോടെ**

**ഹെഡ് മിസ്ട്രസ്**



**ലീന എം ഉമ്മൻ**

# FLOOD

**Kerala has been changed due to the cause of flood. Flood is a type of disaster in which when the heavy rain water comes on rivers , lakes , ponds they are filled full of water and the water enter in to lands . Many people died due to the cause of flood. Many people lost their houses. Many parents lost their kids , and many kids lost their parents during the flood. People lost their houses. They all went to different camps for a shelter. People from all religion and caste lived together during this time without any ego . Most of the institutions such as schools , colleges are chosen as camps for the people who are in trouble due to flood . Some people moved to their friends' , relatives' houses . Government started many flood relief funds , medical camps , The Indian navy gave leadership for all these . Also the fishermen from various places came to the affected areas and saves people who were in trouble. Many organizations are still now engaged in helping these people in different ways such as providing clothes, food , medicines , books for the students who lost them during the flood.**

**Pravith Prasad**

***IX B***




***Selin Jose***

***VII***

# വിശപ്പിന്റെ വില

ഒരിടത്ത് ഒരു കൃഷിക്കാരനും കുടുംബവും ജീവിച്ചിരുന്നു. കശ്യപൻ എന്നായിരുന്നു അയാളുടെ പേര്. കൃഷിയിൽനിന്നും കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് അവർ ജീവിച്ചു പോരുന്നത്. എന്നാൽ അയാളുടെ ഭാര്യ സുമംഗലി ഒരു അത്യാഗ്രഹി ആയിരുന്നു. കൃഷിയിൽ നിന്നും ഉള്ള വരുമാനത്തിൽ അവൾ സംതൃപ്തയായിരുന്നില്ല. കൂടുതൽ വരുമാനത്തെകുറിച്ചു ആയിരുന്നു എപ്പോഴും അവൾക്കു പരാതി.എത്രയൊക്കെ നന്നായി അയാൾ കുടുംബം നോക്കിയാലും അവൾക്ക് പരാതിമാത്രമേ ഉണ്ടായിരുന്നൊള്ളു. എന്നാൽ അയാളും മൂന്നു മക്കളും സന്തുഷ്ടർ ആയിരുന്നു. അങ്ങനെയിരിക്കെ ആ ദേശത്തു ഒരു വെള്ളപ്പൊക്കം ഉണ്ടായി. അതിൽ സകല കൃഷിയും നശിച്ചുപോയി. കുടുംബം ആഹാരം പോലുമില്ലാതെ വിഷമിച്ചു. അപ്പോഴാണ് അവൾക്ക് പഴയകാലം ഓർമ്മ വന്നത്. പട്ടിണി ഇല്ലാതെ കഴിഞ്ഞകാലം അവൾ ഓർത്തു. തന്റെ തെറ്റ് മനസ്സിലാക്കി. അത്യാഗ്രഹം പാടില്ല, ഉള്ളത് കൊണ്ട് തൃപ്തിപ്പെടണമെന്ന് അവൾ പഠിച്ചു.

ആഷ്ലി അന്ന മാത്യു

**VI**




***Jobin James***

***X B***

# തണൽ

കൊടും ചൂടിൽ തണലിനായ് കൊതിക്കുന്ന പക്ഷികൾ ,

പക്ഷികൾക്കായി ഒരു തണൽ ഒരുക്കു . . .

വൃക്ഷങ്ങൾ വെട്ടുന്ന കാട്ടാളനെ നിങ്ങൾ ,

ചെയ്യുന്ന പാപം അതെത്ര ക്രൂരം.

ഇന്നു വെട്ടുന്ന വൃക്ഷങ്ങളെ നാളെ ,

നമുക്ക് ലഭിക്കില്ല അതോർക്കണം നിങ്ങൾ.

കാട്ടിലെ തണൽ മാറി കൊടും വേനലായ് ,

പക്ഷികളും മൃഗങ്ങളും ദൂരെപ്പോയി.

മുറ്റത്തെ മാവിൽ മാമ്പഴത്തിനായ് ,

എത്തുന്ന കിളികൾ നിരാശരായ്.

വൃക്ഷങ്ങൾ നശിക്കുന്ന കാലത്ത് ,

തണൽ കിട്ടാതെ മരിക്കും മനുഷ്യർ.

വെട്ടുന്ന വൃക്ഷത്തിന്റെ സ്ഥാനത്ത് ,

മറ്റൊന്നു നട്ടു കൂട്ടരേ . . .

ആഷ്ലി അന്ന മാത്യു

*VI*




***Nitha Hari***


***VII***

# പ്രളയം സൃഷ്ടിച്ച ആഘാതം

**കേരളം അനുഭവിച്ച ഏറ്റവും വലിയ ദുരന്തം. മനുഷ്യൻ ചെയ്ത ക്രൂരതകൾക്ക് ഭൂമി നൽകിയ പ്രളയം. 2018 ലെ പ്രളയം മനുഷ്യജീവിതം താറുമാറാക്കി. ആഹാരവും വസ്ത്രവും ഇല്ലാതെ ജനങ്ങൾ വലഞ്ഞു.ബന്ധുവീടുകളിലേക്കും ദുരിതാശ്വാസ ക്യാമ്പുകളിലേക്കും ആളുകൾ മാറി. രക്ഷാപ്രവർത്തകരും മത്സ്യതൊഴിലാളികളും അക്ഷീണം പ്രയത്നിച്ചു. നദിയിലേക്കു ജനങ്ങൾ വലിച്ചെറിഞ്ഞ മാലിന്യങ്ങൾ കലിതുള്ളിയ നദി കരകളിലേക്ക് തിരിച്ചു നൽകി. ജാതിമതഭേദമെന്യേ ഒരു പാത്രത്തിൽ ഉണ്ടും ഉറങ്ങിയും കഴിഞ്ഞു. സമ്പന്നൻ , ദരിദ്രൻ എന്ന വ്യത്യാസം ഇല്ലാതെ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറികളും മറ്റും ഉപേക്ഷിച്ച് സ്വന്തം പുരയിടത്തിൽ നിന്നും ഉള്ളവ ഉപയോഗിക്കാൻ പ്രളയം നമ്മെ പഠിപ്പിച്ചു. മാസങ്ങൾ കഴിഞ്ഞിട്ടും ഇതിൽ നിന്നും പൂർണ്ണമായി കരകേറാതെ ജനം ഇന്നും വലയുന്നു. പ്രകൃതിയോടുള്ള ക്രൂരതനിർത്തി പ്രകൃതി സ്നേഹികളായി ജീവിക്കാൻ ഇനി വരുന്നതലമുറ എങ്കിലും ശ്രമിച്ചാൽ നന്ന് . അങ്ങനെ ഒരു നവകേരള നിർമ്മിതിക്കായി നമുക്ക് അണിചേരാം . . . . .**

**പ്രിയ പ്രസാദ്**

***IX B***




***Akash M***

***VII***

# ഒരു അവധി ദിവസം

അന്ന് ഒരു അവധി ദിവസം ആയിരുന്നു. അവധി ദിവസത്തേക്കുള്ള പരിപാടികൾ ആലോചിച്ച് ഇരുന്ന എനിക്ക് അമ്മ ഒരു ചായ തന്നു. അപ്പോഴേക്കും എന്നെ തേടി കൂട്ടുകാർ എത്തി. ഞങ്ങൾ ഒന്നിച്ചു കളിക്കാനായി പോയി. വിശാലമായ ഒരു സ്ഥലം , അവിടെ ഞങ്ങൾ കളിക്കാൻ തുടങ്ങി. ഞാൻ എണ്ണാൻ തുടങ്ങിയപ്പോൾ കൂട്ടുകാർ ഒളിക്കാൻ പോയി. അതിനടുത്തായി ഒരു കാട് ഉണ്ടായിരുന്നു. അതിനുള്ളിൽ ഒരു അപകടം നിറഞ്ഞ കുഴി ഉള്ളതിനാൽ അവിടെ പോകരുത് എന്ന അമ്മയുടെ വിലക്ക് മറന്നെന്ന് നടിച്ച് ഞാൻ കാടിനുള്ളിലേക്ക് പോയി. അതിലേ നടന്ന ഞാൻ ചെന്നു വീണതോ ആ കുഴിയിൽ. അവിടെ കിടന്ന് നിലവിളിച്ച എന്റെ ശബ്ദം പുറത്തേക്ക് കേട്ടില്ല. കുറെ നേരം ആയിട്ടും എന്നെ കാണാതെ ആയപ്പോൾ കൂട്ടുകാർ അന്വേഷിച്ച് എത്തി, ഞാൻ ആ കുഴിയിൽ ഉണ്ടെന്ന് മനസ്സിലാക്കിയ അവർ നിലവിളിച്ചു. ഇത് കേട്ട് വിറക് വെട്ടുകാർ ഓടി എത്തി. അവർ എനിക്ക് ഒരു കയർ ഇട്ടു തന്നു , ഞാൻ അതിൽ പിടിച്ച് വലിഞ്ഞു കേറി. അതിൽ നിന്നും ഞങ്ങൾ ഒരു പാഠം പഠിച്ചു.” മുത്തവർ ചൊല്ലും മുതുനെല്ലിക്ക ആദ്യം കയ്ക്കും പിന്നെ മധുരിക്കും” .

നീതു ഷിജു

***X B***

# LITTLE KITES
# OF
# M T H S KURIYANNUR

1. ALVIN MANU
2. ATHUL BABU
3. JEBIN J LUKOSE
4. MANAV K BINU
5. MIDHUN SANTHOSH
6. NIKHIL MOHHAN
7. SANEESH K S
8. SHERIN K MATHEW
9. SHINU S KUMAR
10. SIJIN SIJU
11. ARYA P V
12. ASHLY MATHEW
13. JONA M JOY
14. KEERTHI MADHUSOODANAN
15. LEKSHMI NANDAN
16. NANDANA A NAIR
17. NUJA RACHEL JOSE
18. PRIYA PRASAD
19. SARIGA P SANTHOSH
20. SREELEKSHMI S
21. SRUTHIMOL D

**RANI J (KITE MISTRESS)**

***JINCY ALICE JOHN (KITE MISTRESS)***